## PULIYAPARAMB HSS

# insight



LITTLE KITES

# സന്ദേശം

ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനാണ് 'ഇൻസൈറ്റ്. ' സർഗ്ഗശേഷിയും സാങ്കേതിക വൈദഗ്ധ്യവും സമന്വയിപ്പിച്ച ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു

സൗദ. എ

ഹെഡ് മിസഹെഡ്മിസ്ട്രസ്

# സന്ദേശം

പുളിയപറമ്പ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾക്കും അംഗങ്ങൾക്കും പുതിയ സംരംഭമായ ഡിജിറ്റൽ മാഗസിനും എല്ലാവിഭാവുകങ്ങളും നേരുന്നു

ജയപ്രകാശ്. സി
സ്റ്റാഫ് സെക്രട്ടറി

# Little Kites Team



**KITE MASTER : SHOUKKATHALI T**

**KITE MISTRESS : BINDU C V**

KITE LEADER 1 ; ABHINAV S RAJESH

KITE LEADER 2 ; NILOUSHA

# EDITORIAL BOARD

STUDENT EDITOR ;SHAHADIYA

MEMBERS:

1.ELDHO MATHEW BENOY

2. NAJIYA

3. MINHA

4.SUHAIL

## താളുകളിലൂടെ


ഉദിക്കട്ടെ നന്മയുടെ സാങ്കേതികവിദ്യ.......7
'ഹെർബേറിയ'ത്തിലെ ടിപ്പു.......11
സ്നേഹത്തിന്റെ രണ്ടു ചവിട്ടുപടികൾ.......17
.......19
"സാ വിദ്യയാവിമുക്തയെ ".......19
വായന.......27
COMPUTER.......29
ഒരു മരത്തിന്റെ ആത്മകഥ.......30
അർഹിക്കാത്ത ദാനം.......32
ഒരു പുഴ.......34
എന്റെ ലോകം.......36
ളുക്കണാം കുരുവി.......38
ANOTHER CHANCE.......40
Philosophical thoughts.......42
of Albert Einstien.......42
Infinity.......43
ജിവനുള്ള പൂന്തോട്ടം (കഥ).......44
അനുഭവക്കുറിപ്പ്.......47
*A TO Z OF SUCCESS*.......49
HAIKU POEMS.......51
PHILOSOPHICAL THOUGHTS OF ALBERT EINSTEIN.......54

# ഉദിക്കട്ടെ നന്മയുടെ സാങ്കേതികവിദ്യ......

***എൽദോ മാത്യു ബിനോയ്   9 H***

മനുഷ്യൻ മറ്റ ജീവജാലങ്ങളിൽ നിന്ന് വ്യത്യസ്തനാക്കുന്നത് അവന്റെ ബുദ്ധിയും ക്രിയാത്മകതയും ആണ് ,എന്നാൽ ഇന്ന് മനുഷ്യൻ ഏറ്റവും കൂടുതൽഅഹങ്കരിക്കരിക്കുന്നതും , അവന്റെ കണ്ടുപിടുത്തങ്ങളിൽ മഹനീയമായ വിവര സാങ്കേതിക വിദ്യയെ ചൊല്ലിയാണ് ഡിജിറ്റൽ യുഗത്തിലൂടെ കടന്നു പൊയ് കൊണ്ടിരിക്കുന്ന ഇക്കാലത്ത് ഇത് ലോകത്തുണ്ടായിരിക്കുന്നു

അഞ്ചാം തലമുറ കംപ്യൂട്ടറുകളുടെ ലോകത്തിലൂടെ പോകുന്ന ഇന്ന് വിവരസാങ്കേതിക വിദ്യ എല്ലാ മേഖലകളിലേക്കും വ്യാപിച്ചിരിക്കുന്നു. പ്രാകൃത മനുഷ്യനിൽ നിന്ന് ഒട്ടേറെ വികസിച്ചുകൊണ്ടുമിരികുന്നു . ഇന്നെല്ലാവർക്കും കുറേക്കൂടി വിഷാലമായ അറിവ് കൈ വന്നിരിക്കുന്നു . മനുഷ്യനോളം കാര്യക്ഷമമായ ആർട്ടിഫിഷ്യൽ ഇന്റലിജന്റ് യന്ത്രങ്ങളിലേക്ക് കുതിക്കുന്ന നമ്മൾ എല്ലാം എളുപ്പത്തിലാക്കുന്നു

ഇന്നത്തെ മനുഷ്യൻ വിർച്ച്വൽ ലോകത്തോടടുക്കുന്തോറും പ്രകൃതിയിനിന്നകലുന്നു . സാങ്കേതികപരമായ വളർച്ചയിൽ നമ്മൾ മാനുഷിക മൂല്യങ്ങൾ മറക്കുന്നു എന്നത് വസ്തുതയാണ് . ഇക്കാലത്ത് ക്ലാസ് മുറികൾ ഡിജിറ്റലാക്കിയതോടെ കുട്ടികൾ പാഠപുസ്തകത്തിന് അപ്പുറത്തേക്കു പഠിക്കുന്നു . കുട്ടികൾക്ക് ദൃശ്യാവിഷ്കരണത്തിലൂടെ പാഠങ്ങൾ കൂടുതൽ മനസ്സിലാകുന്നു . നേട്ടങ്ങൾ ഏറെ ഉണ്ടെങ്കിലും ഇത് വിദ്യാർത്ഥികളുടെ ചിന്താശേഷിയെയും, വായനാശീലത്തെയും , ആരോഗ്യത്തേയും തകർക്കുന്നില്ലേ എന്നത് വളരെ വലിയ ഒരു ചോദ്യചിഹ്നമാണ് . അറിവിന്റെ സാഗരവും , പാഠപുസ്തകത്തേക്കാൾ നല്ല അറിവുശേഖരണവുമാണ് ഇന്റെർനെറ്റ് . ഇതിന്റെ നല്ലരീതിയിലുള്ള ഉപയോഗത്തിലൂടെ ഇന്നത്തെ തല മുറക്ക് ഒട്ടേറെ അറിവുനേടാൻ കഴിയും .

"Technology is useful servant but dangerous Master"

ഇന്ന്

ഇന്റെർനെറ്റിലെ കെണികളിൽ അകപ്പെട്ട് നശിച്ചുപോകുന്നവർ അനേകം . പോക്കിമോൻ മുതൽ പബ്ജിവരെ , ബ്ലൂവെയ്ൽ മുതൽ മോമോ വരെ ഇന്നത്തെ വ്ദ്യാർത്ഥികളുടെ അറിവു സമ്പാധനത്തെ അലോസരപ്പെടുത്തുന്നു.മനുഷ്യൻ മറ്റു ജീവജാലങ്ങളിൽ നിന്ന് വ്യത്യസ്തനാക്കുന്നത് അവന്റെ ബുദ്ധിയും ക്രിയാത്മകതയും ആണ് ,എന്നാൽ ഇന്ന് മനുഷ്യൻ ഏറ്റവും കൂടുതൽ അഹങ്കരിക്കരിക്കുന്നതും , അവന്റെ കണ്ടുപിടുത്തങ്ങളിൽ മഹനീയമായ വിവര സാങ്കേതിക വിദ്യയെ ചൊല്ലിയാണ് ഡിജിറ്റൽ യുഗത്തിലൂടെ കടന്നു പൊയ് കൊണ്ടിരിക്കുന്ന ഇക്കാലത്ത് ഇത് ലോകത്തുണ്ടായിരിക്കുന്നു "The Internet is the greatest way to get on the എന്ന ച്ചൊല്ല് സുപരിചിതമാണല്ലോ . ഇവിടെയാണ് ഈ കെണികളെ എങ്ങനെ തരണം ചെയ്യാം എന്ന് പുതുതലമുറയെ ബോധവാന്മാരാക്കുന്ന ലിറ്റിൽ കൈറ്റ്സ് പോലുള്ള സംരംഭങ്ങൾ പ്രസക്തമാകുന്നത് . വിവരസാങ്കേതിക വിദ്യയുടെ വളർച്ചയിൽ ഇലക്ട്രോണിക്ക് മാലിന്യങ്ങൾ വലിയ വിപത്തായി മാറുന്നു . നാം ഈ പറഞ്ഞ

ഭവിഷ്യത്തുകളെ തരണം ചെയ്യാൻ കഴിഞ്ഞാൽ മാനവ സമൂഹത്തിന് സുസ്ഥിരമായി ഇനിയും ഒട്ടേറെ വളരാൻ കഴിയും

വിവര സാങ്കേതിക വിദ്യയുടെ ലോകം വളരെ മഹത്തരവും , മനുഷ്യൻ ഒറ്റക്ക് നിർമ്മിച്ചതാണെന്നും അത് മനുഷ്യന്റെ മാത്രമാണ് എന്നെല്ലാം ചിന്തിക്കുന്നവരുണ്ട്. എന്നാൽ ഇന്നുവരെ മനുഷ്യൻ ഒന്നും ഒറ്റക്കുണ്ടാക്കിയിട്ടില്ല. പ്രകൃയിലെ അടിസ്ഥാന കണികളെ കൂട്ടിച്ചേർത്ത് മറ്റൊന്നാക്കി മാറ്റിയിട്ടേ ഉള്ളൂ. ഒരു വിർച്ചൽ ലോകം സൃഷ്ടിച്ച മനുഷ്യൻ ലോകത്തിന്റെ സൃഷ്ടാവായ പ്രപഞ്ച ശക്തിയോളം വളർന്നു എന്നു ചിന്തിക്കുന്നത് അനവർത്ഥമാണ് . പ്രകൃതിയാണ് എല്ലാത്തിന്റെയും അടിസ്ഥാനം വൈലോപ്പിള്ളി ശ്രീധരമേനോൻ പറഞ്ഞതുപോലെ

"ഏത് ധൂസര സങ്കൽപ്പത്തിൽ വളർന്നാലും
ഏത് യന്ത്രവത്കൃത ലോകത്തിൽ പുലർന്നാലും
മനസിലുണ്ടാകട്ടെ ഗ്രാമത്തിൻ വെളിച്ചവും,
മണവും , മമതയും ഇത്തിരി കൊന്ന പൂവും......

..................................

**കഥാപാത്ര നിരൂപണം**

## ‘ഹെർബേറിയ‘ത്തിലെ ടിപ്പു

**-ഗൗതം ജ്യോതിസ്-10 B**

**ശ്രീ**മതി സോണിയ റഫീക്കിൻറ്റെ ഹെർബേറിയം നോവലിലെ കേന്ദ്രകഥാപാത്രമാണ് ടിപ്പു . മരുഭൂമിയിലെ ഊഷരതയിൽ നിറം ജയപ്രകൃതിയിലെ പച്ചപ്പിലേക്കെത്തുന്ന ഒരു ബാലന്റെ മനസ്സാണ് ഹെർബേറിയം തുറന്നിടുന്നത്. ആസിഫിന്റെയും ഫാത്തിമയുടെയും പേരിയപുത്രനാണ് അവൻ . ഫ്ളാറ്റിലെ ചില്ലുക്കൂട്ടിൽ ഒതുങ്ങിയാണ് അവന്റെ ജീവിതം. ഫാത്തിമയെ അവൻ സ്നേഹത്തോടെ ഉമ്മു എന്നാണ് വിളിക്കാറ്. ഉമ്മുബാൽക്കണിയിൽനട്ടുവളർത്തുന്ന തുളസിയും പുതീനയും ചീരയും പയറും അവൻ മൈൽക്രാഫ്റ്റ് ഗെയിമിലെനായകൻ വെട്ടിവീഴ്ത്തുന്നതുപോലെ വെട്ടിവീഴ്ത്തുംന്നും നായകന്മാരുടെ ചിത്രം വരക്കുന്നതുമൊക്കെയാണ് അവന്റെ ഹോബി . വീട്ടിലെ ആഹാരത്തിനിടയിൽ നിന്ന് അവനൊരാശ്വാസം കെ.ഫ്.സി. കഴിക്കുന്നതാണ് .

അങ്ങനെയിരിക്കെയാണ് അവർ മൂവരും മരുഭൂമിയുടെ നടുക്കുള്ള തിലോപ്പിയ എന്ന തടാകം സന്ദര്ഷിക്കാൻ

പുറപ്പെട്ടത് . എന്നാൽ ടിപ്പുവിന് അവിടെവച്ച ഉമ്മുവിനെ കാണാതായി . ഉമ്മു തിരിച്ചുവരും
എന്ന വിശ്വാസം അവനെ മാനസികമായി തളർത്തുന്നില്ല .
എന്നാൽ ഉമ്മു തിലോപ്പിയയിലെ പിരാനകൾക്ക് ഉറ്റസുഹൃത്തായ വിവരം അവനറിഞ്ഞില്ല ആസിഫ് അവനോട് പറഞ്ഞുമില്ല .
ഉമ്മുവില്ലാത്ത ടിപ്പുവിന്റെ ദുബായ് വാസം വ്യസനമായി തോന്നിയതിനാൽ അവനെ ആസിഫ് ഫാത്തിമയുടെ വീട്ടിലേക്ക് അയക്കുന്നു ഉമ്മുവിന്റെ ഉമ്മയെ അവൻ രാരുമ്മ എന്നാണ് വിളിക്കുക .രാരുമ്മാനോട് സംശയം ചോദിച്ചും അവരെ ചിരിപ്പിച്ചും ചിന്തിപ്പിച്ചും അവൻ അവിടെ ഇണങ്ങി. അവിടെ അവന് ഒരു സുഹൃത്തിനെ ലഭിച്ചുള്ളു. അവിടെയുള്ള കാവിനെക്കുറിച്ച് എല്ലാ കാര്യങ്ങളും അവർക്കറിയാം. ടിപ്പുവിനറിയാവുന്ന പഴങ്ങളുടേയും മിഠായികളുടെയും കാര്യമെല്ലാം അജ്ഞാതമായിരുന്നു. കാവ് അവന് പുതിയൊരനുഭവമായിരുന്നു. വലുതും ചെറുതുമായ വൃക്ഷങ്ങളും പടുകൂറ്റൻ മരങ്ങളും കാവിലെ സൂര്യനിൽ നിന്ന് അകറ്റിനിർത്തുന്നു. കാവിൽ നിറയെ ഇരുട്ടും തണുപ്പുമായിരുന്നു.
കരിയിലകൾ കനത്തിൽവെച്ച തൈകളും പുഴുവും അണ്ണാരക്കണ്ണനും ചിത്രശലഭങ്ങളും ചെറുതും വലുതുമായ എല്ലാ ജീവികളും അവനെ അത്ഭുതവശനാക്കുന്നു.

അമ്മാളുവിന്റെ അച്ഛനും അധ്യാപകനുമായ വിനീതിന്റെ കൈയ്യിൽ നിന്നാണ് അവന് ആദ്യമായി ഒരു

ഹെർബേറിയം ലഭിച്ചത്. അതുപോലെയുള്ള ഒരു ഹെർബേറിയം ഉണ്ടാക്കുന്നതിൽ അവൻ മുഴുകിയപ്പോഴാണ് ഭൂമിയിലുള്ള പല സസ്യങ്ങളും അപ്രത്യക്ഷമാകുകയും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു എന്ന സത്യം അവൻ തിരിച്ചറിയുന്നത്. വിനീതിന്റെ കൃഷിലാബിലെ വ്യത്യസ്ത വസ്തുക്കളും മറ്റും അവനെ അതിനെയൊക്കെ കൂടുതലറിയാൻ പ്രേരിപ്പിക്കുന്നു

ആയിടക്കാണ് രാരുമ്മ അവനോട് ഫാത്തിമയുടെ ആമയുടെ കാര്യം പറഞ്ഞത്. പിറ്റേന്ന് തന്നെ അവൻ തങ്കമ്മയുടെ കൈയ്യിൽ നിന്ന് ആമയെ വാങ്ങിച്ചു. അന്നുമുതൽ അവന്റെ സമയം മുഴുവൻ അവൻ അവന്റെ സ്വന്തം ആമയായ അങ്കുവിന്റെ കൂടെ ചിലവഴിച്ചു. അവന് എത്ര പ്രായമുണ്ടായിരിക്കുമെന്ന് അവൻ ആലോചിക്കുന്നു. ഉമ്മുവിന്റെ ചെറുപ്പത്തിലെ കളിക്കൂട്ടുകാരനായിരുന്നു എന്നു പറഞ്ഞപ്പോൾ അവന് അങ്കുവിനോട് കുറച്ച് ബഹുമാനം തോന്നി. തങ്കമ്മയെ അവൻ സൂപ്പർവുമൺ എന്നാണ് വിളിക്കുക. ഒരു പെരുമ്പാമ്പിനെ നെരുകെ വെട്ടി കീറിയതാണവൾ അതുകൊണ്ട് അവന്റെ കൊച്ചുഹൃദയത്തിൽ തങ്കമ്മയ്ക്കും ഒരു സ്ഥാനമുണ്ട്.
അങ്ങനെ കളിച്ചും ചിരിച്ചും രസിച്ചും നടക്കുമ്പോഴാണ് അവന്റെ ഹൃദയം നശിപ്പിക്കുന്ന രീതിയുള്ള ഒരു കാര്യം നടന്നത്.കാട്ടു വെട്ടിതെളിപ്പിക്കാൻ പോകുന്നു.അവൻ തളർന്നുപോയി.ഓരോ

ചെടിയുടെയും വിത്തും  കാണ്ഡവും അവൻ ശേഖരിക്കാൻ തുടങ്ങി
പുതിയ സ്കൂളിൽ അവനെ ആസിഫ് ചേർത്തു.പുതിയ സ്ഥലവും പുതിയ കൂട്ടുകാരും പുതിയ വായനവും അവനെ സന്തോഷിപ്പിച്ചു അവിടത്തെ പൂന്തോട്ടത്തെ അവൻ അതിയായി
സ്നേഹിച്ചു.തിരിച്ചുരാര്മ്മയുടെ അടുത്ത് കൊണ്ടാക്കിയപ്പോൾ അവനു പുതിയൊരു സ്ഥലമായി തന്റെ വീടും പരിസരവും
തോന്നി.കാവു നിന്നിടത് വെറും മരകുറ്റികൾ മാത്രം.കൊല്ലപ്പെട്ട പാമ്പുകളും ഒരു കുമ്പാരം അവിടെയുണ്ടായിരുന്നു ചുറ്റും വെളിച്ചം പരന്നിരുന്നു.പുതിയ വാസം അവനു അസഹ്യമായിരുന്നു.പുതിയ സന്ദർഭവുമായി ഇടപഴകാൻ അവനു സാധിച്ചില്ല.തിരിച്ചവൻ ഫ്ലാറ്റിലേക്ക് പോയി.അങ്കവിമയ്ക്ക് അവിടെ  ഭീഷണിയാണെന്ന് കരുതി അവനെയും കൂടെ കുട്ടി ഫ്ളാറ്റിലെ മിനുസ്സമായ നിരപ്പിൽ ആ അമ്മയ്ക്ക് വസിക്കാനായില്ല അവൻ അവനെ വയനാടൻ കാട്ടുകളിൽ കൊണ്ടുവിടാൻ തീരുമാനിച്ചു.കാട്ടിൽ വിട്ടപ്പോൾ അവൻ  ആരെയും തിരിഞ്ഞുപോലും നോക്കാതെ ഓടിയകന്നു.

സുഹൃത്തുക്കളെക്കാൾ മാതൃസ്നേഹമാണ് വലുത് എന്ന് തിരിച്ചറിഞ്ഞ അവൻ ഉമ്മുവിനേ ഓർത്തു വിതുമ്പി.അതുകണ്ട ആസിഫ് അവനെ തിരികെ രാര്മ്മയുടെ അരികിലെത്തിച്ചു.ആസിഫ് കുറേ ദിവസ്സം അവധിയെടുത്തു.കാവ് പുനഃസൃഷ്ടിക്കാൻ അവൻ മുൻകൈയെടുത്തു.പഴയ മരങ്ങളുടെ സ്ഥാനത്തു അതാതുമരങ്ങളുടെ തയ്ക്കൽ അവൻ നട്ടുവച്ചു.

ധാരാളം ജിജ്ഞാസയും സംശയവും സ്നേഹവും അറിവും നിറഞ്ഞ ടിപ്പുവിന്റെ ബാലഹൃദയം നമ്മുടെ മനസ്സിൽ മായാതെ കിടക്കുന്നു .

..............................



നാജിയ 9 H

# സ്നേഹത്തിന്റെ രണ്ടു ചവിട്ടുപടികൾ

-ശ്രീലേഖ-

**അ**മ്മയെന്ന ലോകം എല്ലാത്തിനും ഒരു ആശ്വാസമാണ് ആ വാക്കുകൾ ഒരു സാന്ത്വനമാണ് .അമ്മ എന്ന നാമം നാവിൽ ഉള്ളടത്തോളം കാലം നന്മ നിറഞ്ഞ ജീവിതം എന്നും നമ്മുടെ കൂടെയുണ്ടാവും. തന്റെ എല്ലാ സ്വപ്നങ്ങളും ആഗ്രഹങ്ങളും തന്റെ കുടുംബത്തിന് വേണ്ടി മാറ്റിവച്ചവളാണ് അമ്മ. ഒരു കുടുംബത്തിന്റെ കെടാവിളക്കാണ്. അമ്മ ഇല്ലാത്ത ഒരു ലോകത്തെ പ്രതിസന്ധികളിലൂടെ അല്ലാതെ



കുഞ്ഞിന് നേരിടാനാവില്ല. നമ്മുടെ ജീവിതത്തിലെ ഏതു കാര്യത്തിലും നമ്മുടെ കൂടെയുണ്ടാവുന്ന വലിയൊരു സത്യമാണ് അമ്മ. എന്നാൽ അച്ഛൻ പത്തുമാസം ചുമന്നില്ല നൊന്ത് പ്രസവിച്ചില്ല. എന്നിരുന്നാലും അമ്മയുടെ തുല്ല്യസ്ഥാനം തന്നെയാണ് നാം അച്ഛനും കൊടുക്കേണ്ടത്.

കാരണം ആ അച്ഛൻറെ ഒരുന്നാളത്തെ അധ്വാനമാണ്
നാം  ഇന്നനുഭവികുന്ന സുഖസൗകര്യങ്ങളും  നാം  ഇന്നും
കഴിച്ചുകൊണ്ടിരിക്കുന്ന അന്നവും . ഒരു ദിവസം ചോറിൽ
കല്ല് കടിച്ചെന്നു പറഞ്ഞ്    മാറ്റിവെച്ചത് ചോറ്
 മാത്രമായിരുന്നില്ല  അച്ഛനോടുള്ള സ്നേഹം കൂടിയാണ്
.എല്ലാവർക്കും അവരുടെ  മാതാപിതാക്കൾ തന്നെ
ആവണം അവരുടെ വഴികാട്ടികൾ എന്നാൽ ഇന്ന്
അച്ഛനമ്മമാരെ തെരുവിലിറക്കുന്ന മക്കളാണ് ജീവിക്കുന്നത്.
എന്നാണവർക്ക് മാതാപിതാക്കൾ അവരുടെ
അധികപ്പറ്റായത് ? എന്താണവർ ചെയ്ത കുറ്റം ? 'അമ്മ
പത്തുമാസം ചുമന്ന് നൊന്തു പ്രസവിച്ചതോ ? അതോ
കടലോളം സ്‌നേഹം തന്നു വളർത്തിയതോ?
ഇങ്ങനെയെല്ലാമുള്ള അനവധി ചോദ്യങ്ങൾ
മാതാപിതാക്കളുടെ മനസ്സിൽ ഇന്നും ഉണ്ട്. എങ്കിലും അവർ
ഇതിനെതിരേ പ്രതികരിക്കാത്തത് മക്കളോടുള്ള സ്‌നേഹം
ഇന്നും ഉറങ്ങാതെ കിടക്കുന്നതുകൊണ്ടാണ്. മക്കൾ ഒരു
നല്ല നിലയിലാവാൻ തന്നെ.....

.........................

# "സാ വിദ്യയാവിമുക്തയെ "

## (വിമോചനമാണ് വിദ്യാഭ്യാസം )

- ഹരി എൻ.ജെ
മലയാളം അധ്യാപകൻ

1931 ഡിസംബർ 11 നും 1990 ജനുവരി 19 നും ഇടയിൽ ഈ ഭൂമിയിൽ ജീവിച്ച 'ഓഷോ' തന്റെ ജീവിത കാലഘട്ടത്തിൽ വിജ്ഞാനദാഹികളായ അനവധി മനു-ഷ്യർക്ക് തണൽ നൽകിയ മഹാവൃക്ഷമായിരുന്നു. തത്വ-ചിന്തകന്റെ വാഗ്മി,എന്നുമാത്രമല്ല ഏതുവിഷയത്തെകുറിച്ചും ആധികാരികമായി, സംസാരിക്കുവാൻ കഴിവുള്ള വ്യക്തി-ത്വമായിരുന്നു അദ്ദേഹം. വിദ്യാഭ്യാസപരമായ തന്റെ ദർശനങ്ങൾ ലോകം മുഴുവൻ പകർന്നുനൽകുവാൻ അദ്ദേഹത്തിന് സാധിച്ചു.നവീനമായ ഉൾക്കാഴ്ചയോടെ യുവതലമുറക്ക് നിസ്വാർത്ഥമായ ഉന്നതലക്ഷ്യങ്ങൾ എത്തിപിടിക്കുവാനുള്ള ഉപദേശങ്ങളായിരുന്നു അതിൽ

ഭൂരിഭാഗവും.

"ജീവിതത്തിൽ സ്വാതന്ത്ര്യത്തിന്റെ പരമാനന്ദം നുകരുവാൻ നമ്മെ സഹായിക്കുന്നതായിരിക്കണം വിദ്ധ്യാഭ്യാസത്തിന്റെ ലക്ഷ്യം"എന്നായിരുന്നു എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം.ഈ ലോകം മുഴുവനുംവിജ്ഞാനംവർധിച്ചുകൊണ്ടിരിക്കുകയാണ.സ്കൂളുകളും, കോളേജുകളുംസർവകലാശാലകളുംവർധിച്ചുകൊണ്ടിരിക്കുക യാണ്.

എന്നാൽ ഒരുവശത്തു വിദ്യാഭ്യാസം വർധിച്ചുകൊണ്ടിരികുമ്പോൾ മറുവശത്തു നമ്മുടെ ജീവിതനിലവാരം

അധഃപതിക്കുന്നു . മനുഷ്യന് ബുദ്ധിശക്തി വർധിക്കുമ്പോൾ തന്നെ സംസ്കരന്യൂനത അനുഭവപ്പെടുന്നത് നമ്മുടെ വിദ്യാഭ്യാസത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അടിസ്ഥാനപരമായ

തെറ്റുതന്നെയാണെന്നാണ്'ഓഷോ'യുടെ അഭിപ്രായം .

താമരപ്പൂക്കളുണ്ടാകാത്തകാലത്തു തന്റെ കുടിലിനടുത്തുള്ള ഒരു തടാകത്തിൽ അക്കാലത്തു ഒരു താമര പൂ വിരിഞ്ഞപ്പോൾ സൂർദാസ് എന്ന ദരിദ്രനായ ചെരിപ്പുകുത്തിക്കുവന്ന മാറ്റങ്ങളുടെ ഒരു കഥ ഓഷോ പറയുന്നുണ്ട് .ഈ പൂവിനു കുറച്ചു കൂടുതൽ വില

ലഭിക്കുമെന്നുകരുതി സൂർദാസ് അതു ചന്തയിൽ കൊണ്ടുപോയി വിൽക്കുവാൻ കൊണ്ടുപോകുകയായിരുന്നു.വഴിമധ്യേ അയാൾ ഒരു ഒരു ധനികൻ കണ്ടു. സൂർദാസിനെഅത്ഭുതപെടുത്തിക്കൊണ്ടു ആ പൂവിനു 500 സ്വർണനാണയങ്ങൾ നൽകാമെന്ന് ആ ധനികൻ പറഞ്ഞു. ആ സമയത്താണ് രാജാവിന്റെ സേനാനായകൻ അത് വഴി വന്നത് .അയാൾ ആ പൂവിനു 1000 സ്വർണ്ണനാണയങ്ങൾ വിലയിട്ടത്. ധനികനും ,സേനാനായകനും ഭ്രാന്തുപിടിച്ചോ എന്ന് സൂർദാസ് ചിന്തിച്ചു.അയാൾ ആകെ വിഭ്രാന്തിയിലായി . ഈ സമയത്തു തന്നെ രാജാവിന്റെ രഥം ആ വഴിവന്നു. രാജാവ് ആ താമരപ്പൂവിന് 2000 സ്വർണനാണയങ്ങൾ വിലയിട്ടു .സൂർദാസ് ആകെ അത്ഭുതപ്പെട്ടു ."ഈ മനുഷ്യർക്കെന്തുപറ്റി"?അയാൾ ചോദിച്ചു . ഈ പൂവിനു പത്തുരൂപപോലും നജ്ൻ പ്രതീക്ഷിച്ചിട്ടില്ല. നിങ്ങളാകട്ടെ, ഒരു വസ്തുകതന്നെ തരാൻ തയ്യാറാകുന്നു .എന്തനുകരണം? രാജാവുപറഞ്ഞു"ഇന്ന് ഈ പട്ടണത്തിൽ ഭഗവാൻ ബുദ്ധൻ എത്തിയിട്ടുണ്ട് ഞങ്ങൾ അദ്ദേഹത്തെ സ്വീകരിക്കുവാൻ പോകുകയാണ്. അക്കാലത്തുണ്ടായ ഈ പുഷ്പം ഞാൻ ബുദ്ധന് നൽകുവാൻ ആഗ്രഹിക്കുന്നു. ഈ

അപൂർവ്വപുഷ്പത്തെ അദ്ദേഹത്തിന്റെ പാദങ്ങളിൽ സമർപ്പിക്കുവാനുള്ള ഒരു അവസരത്തിന് ആരാണ് കൊതിക്കാത്തത്?

സൂർദാസ് പറഞ്ഞു "അങ്ങനെയാണെങ്കിൽ ഞാൻ ഈ പൂവ് വിൽക്കുന്ന പ്രശ്നമേ ഇല്ല. ഏത് ഞാൻ തന്നെ ബുദ്ധന്റെ കാൽക്കൽ സമർപ്പിക്കും ". ഇതുകേട്ടുനിന്ന പലരും സൂർദാസിനെ ഭ്രാന്തനായും വിവരമില്ലാത്തവനായും കണക്കാക്കി. കാരണം ഇപ്പോഴുള്ളതും വരാനിരിക്കുന്നതുമായ തലമുറകളുടെ

ദാരിദ്ര്യത്തെ ഈ പൂവ് വിൽക്കുന്നതിലൂടെ തുടച്ചുനീക്കുവാൻ അയാൾക്ക് കഴിയുമായിരുന്നു .അങ്ങനെ ആ നഗരത്തിലെ ഏറ്റവും ദരിദ്രനായ ചെരുപ്പുകുത്തി,ആ പുഷ്പ്പം ബുദ്ധന് സമർപ്പിക്കുവാൻ

തയ്യാറെടുത്തു മുന്നോട്ടുനീങ്ങി.ഉറച്ചമനസോടെ, തികഞ്ഞ സന്തോഷത്തോടെ അയാൾ ആ പുഷ്പം ബുദ്ധന്റെ പാദങ്ങളിൽ സമർപ്പിച്ചു. വരും തലമുറകളുടെ ജീവിതം സുഖപ്രദമാക്കുമായിരുന്ന ആ പുഷ്പം എന്തുകൊണ്ടാണ് വിൽക്കാതിരുന്നതെന്നു ബുദ്ധൻ സൂർദാസിനോട് ചോദിച്ചു അതിനു സൂർദാസിന്റെ മറുപടി ഇപ്രകാരമായിരുന്നു "പ്രഭോ പണത്തിനൊരിക്കലും സ്നേഹത്തേക്കാൾ വലുതാക്കാൻ കഴിയില്ല ഇതൊരു പൂവായിരുന്നിടത്തോളം എനിക്കതു വിൽക്കണമായിരുന്നു.എന്നാൽതങ്ങളുടെ തൃപ്പാദങ്ങളെ

കുറിച് ചിന്തിച്ച നിമിഷം മുതൽ ഇതുവിൽക്കുക എന്നത് എനിക്ക് അസാധ്യമായി.അതുകൊണ്ടു എനിക്ക് ഇത് താങ്കൾക്കു സമർപ്പിയ്ക്കാൻ സാധിച്ചു.ഭഗവാൻ പാപ്പെട്ടവന്റെ

ബഹുമാനത്തിന്റെ,വിശ്വാസത്തിന്റെ ഈ പുഷ്പം സ്വീകരിച്ചാലും ".ആ പൂവ് സ്വീകരിച്ച ശേഷം ബുദ്ധൻ ജനങ്ങളോട് പറഞ്ഞു "സൂർദാസിന് അക്ഷരജ്ഞാനമില്ലെങ്കിലും അദ്ദേഹം വിദ്യാഭ്യാസം ഉള്ളവനാണ് ,അറിവുള്ളവനാണ് ."ജീവിതത്തിലെ ഉന്നതമൂല്ല്യങ്ങളെ കുറിച് ബോധമുള്ളവരാണോ , ഉന്നതമൂല്യങ്ങൾക്കായി താഴന്ന മൂല്യങ്ങളെ ത്യജിക്കുവാൻ കഴിയുന്നതർക്കണോ അയാളാണ് യഥാർത്ഥത്തിൽ അറിവുള്ളവൻ".

പണത്തിനും , പദവിക്കും , അധികാരത്തിനും വേണ്ടി സ്നേഹത്തെ നിഷേധിക്കുന്ന ഇന്നത്തെആളുകളെ അറിവുള്ളവരെന്നു നമുക്ക് വിളിക്കുവാൻ കഴിയുമോ ? എല്ലാ ഉന്നത മൂല്യങ്ങളെയും ഉപേക്ഷിക്കുകയും എന്നാൽ

ഇന്നത്തെ ഔപചാരിക ഉന്നതവിദ്യാഭ്യാഭ്യാസം ലഭിച്ചിരിക്കുകയുംചെയ്യുന്ന ഒരാളെ നമുക്ക് യഥാർഥ്യത്തിൽ

അറിവുള്ളവനെന്നു വിളിക്കുവാൻ കഴിയുമോ ? ഓഷോ ചോദിക്കുന്നു .

ഇത്തരം അറിവുകൾക്ക് നമ്മുക്ക് ആനന്ദം തരുന്നവൻ സാധിക്കുകയില്ല . നാം നമ്മുടെ മക്കളെ എൻജിനിയർമാരും ,ഡോക്ടർമാരും മറ്റ ഉന്നതസഹനീയറുമാക്കുവാൻ ആഗ്രഹിക്കുന്നു. എന്നാൽ അതല്ല,യഥാർത്ഥ വിദ്യാഭ്യാസം.അതെല്ലാം ഇന്ന് ജീവിത മാർഗം കണ്ടെത്തുവാനുള്ള ഉപാധികൾമാത്രംയിരിക്കുന്നു . ഉയർന്നവരുമാനം നേടാനുള്ള ഒരു വഴിമാത്രമായിരിക്കുന്നു. നമ്മുടെ ജീവിതത്തിൽ ഉയർന്നതും യഥാർത്ഥവുമായ മൂല്യങ്ങൾ പിറവിയെടുക്കുന്നതിനെയായിരിക്കണം, നാം യഥാർത്ഥത്തിൽ വിദ്യാഭ്യാസം എന്ന് വിളിക്കേണ്ടത്.

സമുന്നതങ്ങളിലേക്കുള്ള ഒരു യാത്രയാണ് യഥാർത്ഥ വിദ്യാഭ്യാസം. എന്നാൽ ഇന്ന് അത് സ്വാർത്ഥതയിലേക്കും ചൂഷണത്തിലേക്കും,ധനസമ്പാദനത്തിലേക്കും മാത്രമായി ഒരുക്കിയില്ലേ എന്ന് നാം ചിന്തിക്കേണ്ടിരിക്കുന്നു.ജീവതം എന്നത് സുഖം മാത്രം നിറഞ്ഞതല്ല. പ്രതിബന്ധങ്ങളുടെ മുള്ളുകൾ ജീവിതയാത്രയിൽ വഴിനീളെ ഉണ്ടാകും. അവിടെ നാം തളർന്നു പോകരുത്. അതുകൊണ്ടുതന്നെ ജീവിതത്തിലെ മുള്ളുകൾ എടുത്തുമാറ്റാൻ കഴിവുള്ള തരത്തിലുള്ള വിദ്യാഭ്യാസമാണ് നാം ഇന്നത്തെ തലമുറക്ക്

നൽകേണ്ടത്. ചെറിയക്ലാസ്സുകൾ മുതൽ ഒന്നാമനാകുക എന്ന ലക്ഷ്യമാണ് മാതാപിതാക്കളും അധ്യാപകരും ഓരോ വിദ്യാര്ഥിയുടെയും മുന്നിൽ വെക്കുന്നത്. ഒന്നാമനാകുന്നവന് സമ്മാനങ്ങൾ നൽകുന്നു. അവസാനമായി തീരുന്നവൻ അവഗണിക്കപ്പെടുകയും ചെയ്യുന്നു. ഒരുക്ലാസ്സിലെ 40 കുട്ടികളിൽ ഒരാൾക്ക് മാത്രമാണ് ഒന്നാമനാകാൻ കഴിയുക. ഒരു കുട്ടിയുടെ സന്തോഷം മറ്റ 39 കുട്ടികളുടെ വിഷമത്തിൽനിലനിൽക്കുമ്പോൾ അതാണോ യഥാർത്ഥ വിദ്യാഭ്യാസമെന്ന ഓഷോ ചോദിക്കുന്നു. തന്റേതല്ലാത്ത പലകാരണങ്ങളാലും വിദ്യാഭ്യാസത്തിൽ പിന്നോക്കം നില്ക്കേണ്ടിവരുന്ന വിദ്യാർഥികളുള്ള ഒരു സമൂഹത്തിൽ ഈ വിഷയം ഗൗരവമായി ചർച്ചെയ്യപ്പെടേണ്ടതുതന്നെയാണ്.

വിദ്യാഭ്യാസം,മനുഷ്യനെ ഭാരം കുറഞ്ഞതാക്കി മാറ്റുകയാണ് ചെയ്യേണ്ടത്. അത് നമുക്ക് ആനന്ദവും ആശ്വാസവും നൽകേണ്ടതാണ്.. എന്നാൽ ഇന്ന് പഠനത്തിന്റെ പേരിൽ വിദ്യാർത്ഥികളനുഭവിക്കുന്ന മാനസികവും ശാരികവുമായ പ്രശ്നങ്ങൾ അനവധിയാണ്. അതിനാൽ ഒരു മനുഷ്യനെ അയാളുടെ പൂർണതയിലേക്ക് ഉയർത്തുന്ന വിദ്യാഭ്യാസരീതിക്കായിരിക്കണം, നാം പ്രാധാന്യവും പ്രാമുഖ്യവും കല്പിക്കേണ്ടത്. ജീവിതാവരുമാന

മാർഗമെന്നോണം പഠിപ്പിക്കുന്നതെല്ലാം കപടവിജ്ഞാനമാണെന്ന് ഓഷോ അപിപ്രയപ്പെടുന്നു. ജീവതമെന്തെന്ന് പഠിപ്പിക്കുന്നതിനെയാണ് യഥാർത്ഥ വിദ്യാഭ്യാസമായി നാം അറിയേണ്ടത്. "സാവിദ്യാഭിമുക്തയെ" അതായത് വിമോചനം നൽകുന്നതാണ് വിദ്യാഭ്യാസമെന്ന ചൊല്ല് അപ്പോൾ പൂർണമാക്കുക തന്നെ ചെയ്യും

....................

# വായന

**-അഭിനയ**

എല്ലാവരുടേയും ജീവിതത്തിൽ വായനയ്ക്ക് വലിയ പങ്കുണ്ട് . പ്രത്യേകിച്ച് നാം വിദ്യാർത്ഥികളുടെ കാര്യത്തിൽ. നമ്മുടെ ജീവിതത്തിൽ പഠനത്തോടൊപ്പം വായനാശീലവും വളർന്നു വരേണ്ടത് അത്യാവശ്യമാണ് പാഠപുസ്തകങ്ങൾ നമുക്ക് ആവശ്യമായ അറിവുകൾ മാത്രം പകർന്നുതരുമ്പോൾ മറ്റുപുസ്തകങ്ങൾ അറിവുമാത്രമല്ല ആഹ്ലാദവും പങ്കുവെക്കുന്നു . ടെലിവിഷൻ, സിനിമകൾ, മൊബൈൽഗെയിമുകൾ തുടങ്ങിയവ ഒരു വ്യക്തിക്ക് നൽകുമെന്നു പറയപ്പെടുന്ന സന്തോഷവും സ്വാതന്ത്ര്യവും അതിനേക്കാൾ ആഴത്തിലും പരപ്പിലും പുസ്തകവായന പ്രധാനം ചെയ്യും എന്നത് ഉറപ്പാണ് . വിവിധ ആശയങ്ങളും അറിവുകളും



സമാഹരിക്കപ്പെട്ടതാണ് ഓരോ പുസ്തകങ്ങളും അത് കൊണ്ടുതന്നെ ഒരു നല്ല സുഹൃത്തിനെപോലെ ഓരോരുത്തരും പുസ്തകങ്ങളെ സ്നേഹിക്കുകയും, വായിക്കുകയും ചെയ്യണം .വായന ഒരാളിലെ വ്യക്തിത്വത്തെ വികസിപ്പിക്കും .ക്ഷമ, ദയ, സ്നേഹം, തുടങ്ങി നിരവധി മൂല്യങ്ങൾ വളർത്തിയെടുക്കുന്നതിൽ വായന ഏറെ സഹായിക്കും. തങ്ങൾക്ക് എന്തായിത്തീരണം എന്നു തീരുമാനിക്കുവാനും അതനുസരിച്ചുജീവിതരീതികളിൽ മാറ്റം വരുത്തുവാനും വായനയിലൂടെ കഴിയും.നല്ല പുസ്തകങ്ങൾ നല്ല വഴികാട്ടികൾ കൂടിയായിരിക്കും. അത് കൊണ്ട് തന്നെ വായനയിൽ വിശ്വാസമർപ്പിച്ചുകൊണ്ടു നമുക്ക് ജീവിതത്തിൽ മുന്നേറാൻ സാധിക്കുമെന്നത് ഉറപ്പാണ് . കുട്ടികൾ ആയിരിക്കെതന്നെ സ്വായത്തമാകേണ്ട നിരവധി നല്ല ശീലങ്ങൾ ഉണ്ട് . അതിൽ ഒന്നാണ് വായന. കൂടുതൽ അറിയാനും കൂടുതൽ അറിയിക്കാനും വായനാശീലത്തിലൂടെകഴിയുന്നു ."വായിച്ചുവളർന്നാൽ വിളയും വായിക്കാതെ വളർന്നാൽ വളയും"എന്ന കുഞ്ഞുണ്ണി മാഷുടെ വാക്കുകൾ വളരെ പ്രസക്തമാണ്.

# COMPUTER

Computer is the subject where all is well
But everything in it is just some hell
Java is a subject fall of doubt
Which makes our mind upside down
The teacher give us awful looks
When we stare her like fools
Excel spreadsheet is easy in theory
But in practicals it makes me feel sorry
The teacher gives us homework and say do it now
But it's out of mind so I say how
This poem is short as I am going down
Meet u tomorrow as I need a sleep now

- Sarthak Mishra

# ഒരു മരത്തിന്റെ ആത്മകഥ

-SINOW SHARIN-M



ചങ്ങാതി നീ അന്ന് നിന്റെ കൊച്ചു കൈകളിൽ എന്നെ സ്നേഹത്തോടെ വാങ്ങിച്ചപ്പോൾ എനിക്കു വളരെ സന്തോഷമായി . അങ്ങനെ നിനക്ക് ഇഷ്ടപ്പെട്ടസ്ഥലത്തു എന്നെ നട്ടു .ആവശ്യത്തിന് വെള്ളവും വളവും എനിക്ക് നൽകാതെ ഒരു വേനൽക്കാലം മുഴുവൻ ഞാൻ ഏത്ര വലഞ്ഞുവെന്നോ ? ഞാനൊഴിച്ചു മറ്റെല്ലാ മരങ്ങളിലും പക്ഷികൾ വന്നു കൂടുന്നു കുട്ടികൾ ഊഞ്ഞാലാടി രസിക്കുന്നു. എന്നെ മാത്രം ആരും തിരിഞ്ഞ് നോക്കിയില്ല .ഒരു മഴ വന്നിരുന്നുവെങ്കിൽ എന്ന് ഞാൻ കൊതിച്ചു . അവസാനം ഒരനുഗ്രഹംപോലെ മേഘം കറുത്ത് തുടങ്ങി പൊടുന്നനെ ഒരു മഴതുള്ളി മുഖത്തേക്കു വന്നു പതിച്ചു . ഹാവൂ ..........ആശ്വാസം

മേഘത്തപ്പൻ പുഞ്ചിരിയോടെ എന്നെ അനുഗ്രഹിച്ചു. ഒരായിരം നന്ദിയോടെ ഞാൻ മേഘത്തപ്പനെ കൈകൂപ്പി നിന്നു.

ആ മഴയിൽ ഞാൻ നനഞ്ഞു തളിർത്തു .പെട്ടന്നൊരു ശക്തി എന്നിൽ അറിഞ്ഞതായി അനുഭവപെട്ടു. എന്റെ ശിഖരങ്ങളിൽ പുത്തൻ നാമ്പ് തളിരിടുന്ന അനുഭവമായിരുന്നു . അത് കാലങ്ങൾ കടന്നുപോയി . ഞാൻ വളർന്നു എനിക്കു സ്വപ്നം കാണാൻ കഴിയാത്ത അത്ര ഉയരത്തിൽ ഇതോടെ കുഞ്ഞു കുരുന്നുകൾ എന്റെ തണലും ഫലവും തേടിയെത്തി .പക്ഷികൾ, അണ്ണാറക്കണ്ണന്മാർ അങ്ങനെ തുടങ്ങി പല ജീവജാലങ്ങൾ ഇഴജന്തുക്കൾ എന്നിവർ എന്റെ ചില്ലയിൽ കൂടുകൂട്ടി . കുയിലുകൾ അവരുടെ മധുരരാഗങ്ങൾ എന്റെ കാതിൽ നുകർന്നു ഉറങ്ങലും ഉണരലും അതുകേട്ടു തന്നെ ആയിരുന്നു. മാമ്പഴത്തിന്റെ സ്വാദിൽ കുരുന്നുകൾ തിമിർത്തു കളിച്ചും ചിരിച്ചും തൊട്ടും തലോടിയും

അങ്ങനെ..............അങ്ങനെ .......... ഞാൻ ഇപ്പോൾ സന്തുഷ്ടയാണ് ,എന്നെ നട്ട പഴയ ചങ്ങാതിക്കു നന്ദി .

...........................

# അർഹിക്കാത്ത ദാനം

_ഹാറൂൻ റഹീൻ_

കൗശികപുരം എന്ന രാജ്യത്തെ രാജാവാണ് ചന്ദ്രസേനൻ . വലിയ ധർമ്മിഷ്ടൻ എന്ന പേരെടുക്കണമെന്നാണ് ചന്ദ്രസേനന്റെ ആഗ്രഹം. അതിനായി പട്ടണത്തിലുള്ളവർക്കെല്ലാം ചന്ദ്രസേനൻ ഭക്ഷണം നല്കാൻ ഏർപ്പാട് ചെയ്തു. പിറ്റേന്ന് രാജഗുരു രാജാവിനോട് പറഞ്ഞു "അങ്ങ് വേഷം മാറി പ്രജകൾക്കിടയിലൂടെ സഞ്ചാരിക്ക്. പിന്നീട് കണ്ട കാര്യങ്ങൾ എന്നോട് വന്നു പറയൂ ധർമിഷ്ടരായ രാജാക്കന്മാരെങ്ങനെ ചെയ്യാറുണ്ട് "ചന്ദ്രസേനൻ സമ്മതിച്ചു .പിറ്റേന്ന് രാവിലെ രാജാവ് വേഷം മാറി നടക്കാനിറങ്ങി.

ഒരു തെരുവിലെത്തിയപ്പോൾ അതാ ചിലരൊക്കെ വീടുകളുടെ വരാന്തയിൽ സംസാരിച്ചിരിക്കുന്നു, ചിലർ തമ്മിൽ വഴക്കുകൂടുന്നു, വേറെ ചിലർ ഉറങ്ങുകയാണ്. ആർക്കും ഒരു ജോലിയുമില്ല ആ വഴി വന്ന ഒരു സ്ത്രീയോട്

ചന്ദ്രസേനൻ ചോദിച്ചു ,"എന്താ ഇവരൊന്നും ജോലിക്കു പോകാത്തത്? സ്ത്രീ പറഞ്ഞു,"ഞങ്ങൾ ജോലിക്കു പോകുന്നതെന്തിന്?" രാജാവ് അന്നം ഭക്ഷണം വെറുതെ കൊടുക്കുന്നുണ്ട് സമയത്തിന് അവിടെ എത്തിയാൽ മാത്രം മതി. പിന്നെ ആരെങ്കിലും കഷ്ട്പെട്ടുജോലിചെയ്യുമോ?"രാജാവ് തിരിച്ചെത്തി നടന്ന കാര്യങ്ങൾ രാജഗുരുവിനെ അറിയിച്ചു. രാജഗുരു പറഞ്ഞു "രാജൻ, ദാനമാകാം പക്ഷെ, അർഹിക്കുന്നവർക്ക് വേണം ദാനം ചെയ്യാൻ. അങ്ങ് വെറുതെ ദാനംചെയ്തു പ്രജകളെ മടിയന്മാരാക്കുകയാണ്". രാജഗുരുവിന്റെ വാക്കുകൾ രാജാവിന്റെ കണ്ണ് തുറപ്പിച്ചു.

.......................................................

## ഒരു പുഴ

-സിപ്ലി

ജീവിതമൊരു പുഴയായിഒഴുകുന്നു
ഓളങ്ങൾ പലതിലും തട്ടിയുടയുന്നു



പുഴ ശാന്തമായൊഴുകുന്നു
പല പല തീരങ്ങൾ
കണ്ടുകൊണ്ടീപ്പുഴ
പല പല വഴികളായ് ചുഴികളായ്
ഒഴുകികൊണ്ടിരിക്കുന്നു

ഈ ജീവിതപ്പുഴ
പല പല കടവുകൾ കടന്നു
പലതും അനുഭവത്തിൽ
പരുപരുത്ത് പ്രതലങ്ങളായ്
പുഴതൻ ആത്മാവിനെ
കീറിമുറിച്ചീടുന്നു കിനിയുന്ന രക്തം
ഏറ്റുവാങ്ങി വീണ്ടും പുഴ
യാത്ര തുടരുന്നു
ഒഴുകിത്താനെയെത്തും സമുദ്രത്തിൽ
വിശാലതയോർക്കുമ്പോൾ
ഒഴുകാതിരിക്കുവാനാവതില്ല

# എന്റെ ലോകം

-മീര . എം



എന്റെ ചിന്തകൾ
കുഞ്ഞിചിറകുകൾ വീശി
ഏതുയരം വരെ പറക്കുന്നുവോ
അവിടെയാണെന്റെ ആകാശം

എന്റെ സ്വപ്നങ്ങൾ തെളിച്ച വഴിയേ
എത്ര ദൂരം വരെ
പാദങ്ങൾ നടന്നെത്തുന്നുവോ
അതുവരെയാണെന്റെ സാമ്രാജ്യം

കാല പ്രവാഹത്തിൽ
പച്ചിലച്ചാർത്തിൽ
നിന്നിറ്റുനീഴുന്ന
മഞ്ഞുത്തുള്ളിയായി
സ്നേഹമെന്നിലെത്ര
ആഴത്തിൽ നിറഞ്ഞൊഴുകി
പറക്കുന്നുവോ അതാണെന്റെ കടൽ

കിനാവുകൾ ചേക്കേറിയ
ഹൃദയാകാശത്തിൽ പ്രതീക്ഷയാം
നിലാവെളിച്ചത്തിൽ
മോഹപ്പൂക്കൾ കാട്ടിയവഴിയേ
കാലം കടലിൽ
ഞാനെന്റെ ജീവിത തോണി തുഴയുന്നു

.............

# തൂക്കണാം കുരുവി

-ഹരിഷ്ണ

വഴിവക്കിലും വയൽവരമ്പിലും തെങ്ങോലകളിലും തൂങ്ങിയാടുന്ന കൂടുകളാണ് ആറ്റക്കുരുവി എന്നു വിളിക്കുന്ന തൂക്കണാം കുരുവികളുടേത്. ഇന്ത്യയിലും തെക്കുകിഴക്കൻ ഏഷ്യയിലും പുൽമേടുകളിലും കൃഷിയിടങ്ങളിലും ഇവയെ കാണുന്നു. ബയവീവർ എന്നാണ് ഇംഗ്ലീഷ് പേര്.

ഉണങ്ങിയ പുൽനാരുകളും, ചകിരിയും, കീറിയെടുത്ത ഓലയുമെല്ലാം ചേർത്ത് മെടഞ്ഞാണ് കൂടുനിർമാണം. മൂവായിരത്തിലധികം നാരുകളുണ്ടാകും ഒരു കൂട്ടിൽ. ഉയരമുള്ള തെങ്ങുകളിൽ, പനയോലകളിൽ, ജലാശയത്തിനുമുകളിലുള്ള മരങ്ങളിൽ, മുൾച്ചെടികളിൽ എല്ലാം കൂടുവെക്കാറുണ്ട്.

ആൺ കുരുവികളാണ് കൂടുണ്ടാക്കുക. 18 ദിവസമെങ്കിലുമെടുക്കും കൂട് പൂർത്തിയാക്കാൻ. എട്ടുദിവസമാകുമ്പോഴേക്കും പാതി

തീർന്ന കൂട്ടിലേക്ക് ഇണയെ ആകർഷിക്കാൻ ശ്രമം തുടങ്ങും. പെൺകിളികൾ വന്ന് കൂട് ഇഷ്ടപെട്ടാൽ കൂടെകൂടും. പിന്നെ നിർമാണം വേഗത്തിലാകും. വീടിനുവേണ്ട മിനുക്കുപണികൾ പെൺകുരുവിയു-ടേതാണ്.

അടിയിലേക്ക്

വൃത്താകൃതിയിൽ തുറന്നതാണ് വാതിലുകൾ. ഒരുവശത്ത് നീളത്തിൽ ആണിവ. മറുവശത്ത്



പകുതിക്ക് താഴെ മുട്ടയിടാനായി ഒരു തട്ടുപോലെ പ്രത്യേക അറയൊരുക്കും. കാലാവസ്ഥ വ്യതിയാനവും മനുഷ്യന്റെ ഇടപെടലുകളും മൂലംഇവ

വംശനാശഭീഷണിയിലാണ്.

....................

**POEM**

# ANOTHER CHANCE

ALTHAF ALI

HOW OFTEN WE WISH FOR ANOTHER CHANCE

TO MAKE AFRESH BEGINNING

A CHANCE BLOT OUT OUR MISTAKE

AND CHANGE FAILURE INTO WINNING

IT DOES NOT TAKE ANEW DAY

TO MAKE A BRAND NEW START,

IT ONLY TAKES A DEEP DESIRE

TO TRY WITH ALL OUR HEART

TO LIVE A LITTLE BETTER

AND TO ALWAYS BE FORGIVING

AND TO ADD A LITTLE SUNSHINE

TO THE WORLD IN WHICH WE'RE LIVING

SO NEVER GIVE UP IN DESPIRE

AND THINK THAT YOU ARE THROUGH,

FOR THERE'S ALWAYS A TOMORROW

AND THE HOPE OF STARTING NEW

...............................

# Philosophical thoughts

# of Albert Einstien

* “Imagination is more important than knowledge. knowledge is limited, Imagination famous in world”

* “A person starts to live when he can live out side himself

*The most precious things in life are not those you get for money”

* “Everybody is genius if you judge a fish by its climb a tree
it will live it's whole life believing that it is stupid”

* “Education not the learning of the facts but the training of the minds to think”

* “If you want to live a happy life, try it to a goal, not to people or object

# Infinity

-YAHYA MS

Sky is infinite
Numbers are infinite
Stars are infinite
Opportunities are infinite
Between 1&2 there is an infinity
Universe is infinite
Knowledge is infinite
Every thing is infinite

.......................

# ജിവനുള്ള പൂന്തോട്ടം (കഥ)



അതിമനോഹരമായ ഒരു പൂന്തോട്ടം കിഴക്കെ പ്രദേശത്തുണ്ടായിരുന്നു. അവിടത്തെ വീട്ടിലെ മിനിയാണ് ആ പൂന്തോട്ടം അവിടെ ഉണ്ടാക്കിയ-ത് അവിടെമുല്ല,റോസ്സ,ല്ലി അങ്ങനെ പലതരം പൂക്കളുണ്ടായുരുന്നു.ഈ പൂക്കളുടെ മനോഹരമായ വാസന ആ പ്രദേശമാകെ പടർന്നിരുന്നു.അവധി ദിവസങ്ങളിൽ അവൾ എപ്പോഴും പൂന്തോട്ടത്തിൽ തന്നെയായിരിക്കും. മിനിയുടെ പ്രിയപ്പെട്ട കൂട്ടുകാർ ആ പൂന്തോട്ടത്തിലെ ചക്കി പൂമ്പാറ്റ,മണിതുമ്പി,കരിമ്പൻ കരിവണ്ട് എന്നിവയാകുന്നു. ഇവിടെ ഒരാൾ കൂടിയുണ്ട്...മിട്ടു തേനീച്ച..! അവൾക്ക് ഇവളക്ക് ഇഷ്ടമല്ല. ചക്കിയെ തേനെടുക്കാൻ പോലും മിട്ടു സമ്മതിക്കില്ല.എല്ലാം അവൾക്ക് വേണം.അവളെ എന്തേലും പറഞ്ഞാൽ അവൾ കൂട്ടത്തോടെവന്നു

ഉപദ്രവിക്കും.അവിടത്തെ പൂക്കൾക്കുപോലും അവളെ ഇഷ്ടമല്ല.....

ഒരിക്കൽ അവധി ദിവസമായിരുന്നു.മിനിയുടെ അച്ഛനും അമ്മയും സുഹൃത്തിന്റെ വീട്ടിൽ പോയിരിക്കുകയായിരുന്നു.പൂന്തോട്ടത്തിലെ പൂക്കൾ പെറുക്കുകയായിരുന്നു മിനി.മിനിയെ ചക്കിയും മിട്ടുവിനോട് വഴക്കടിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നെ സംഭവിക്കാറുള്ള വഴക്കായതിനാൽ മിനി അതുകാര്യമാക്കിയില്ല.സ്കൂളിലെ ചില പ്രവർത്തനങ്ങൾ ചെയ്യാനുള്ളതുകൊണ്ട് അവൾ മുകളിലേക്ക് പോയി...അവൾക്ക് പിന്നിൽ കരിവണ്ടും.അപ്പോഴും പൂന്തോട്ടത്തിലെ വഴക്ക് കഴിഞ്ഞിരുന്നില്ല. പെട്ടന്ന് ഇടിവെട്ടി മഴപെയ്തു.മണി ചക്കിയുടെ കൈപിടിച്ച് പറക്കാൻശ്രമിക്കുമ്പോൾ മഴയുടെ ശക്തി കൂടിയിരുന്നു. അവൾക്ക് മഴയെ എതിർത്ത് പറക്കാൻ സാധിച്ചില്ല.ഒരിലയുടെ മറവിൽ ചക്കിയും മണിയും നിന്നു....അപ്പോഴതാ പാവം മിട്ടു...!അവൾക്ക് ആരും ഇടംകൊടുത്തില്ല.അവൾ അവിടെ മഴ നനഞ്ഞു നിന്നു. മെല്ലെ മെല്ലെ മഴയുടെ ശക്തി കുറഞ്ഞിരിന്നു. മിനിയും

ചക്കിയും തിരിച്ചുവീട്ടിലേക്ക് പോകുകയായിരുന്നു. അപ്പോൾ പെട്ടന്ന് മണിയുടെ ശ്രദ്ധ മിട്ടുവിലേക്ക് തിരിഞ്ഞു. അവൻ ചക്കിയോട് പറഞ്ഞു: "നമുക്ക് മിട്ടുവിനേയും കൂട് കൂട്ടിയാലോ?" അപ്പോൾ ചക്കി പറഞ്ഞു: "അതേ....നമുക്ക് അവനെയും കൂടി കൂട്ടാം....അവൾക്ക് നമ്മളെ ഇഷ്ടമല്ലെല്ലും നാം ഒരിക്കലും ചീത്ത രീതിയിൽ പെരുമാറരുത് അല്ലെ?...മിട്ടു നിനക്കിപ്പോഴേലും മനസ്സിലായോ...ചങ്ങാതിമാരുടെ വില!...നമുക്ക് ആപത്തു സംഭവിക്കുമ്പോൾ നമ്മുടെ കൂട്ടുകാരാണ് നമ്മുടെ കൂടെ ഉണ്ടാവുകയുള്ളൂ....അതിനാൽ ആരെയും ദ്രോഹിക്കരുത്"ഇതുകേട്ടപ്പോൾ മിട്ടുവിന്റെ മനസ്സ് മാറി. പിന്നെ അവർ മൂന്നുപേരുമായിരുന്നു നല്ല ചങ്ങാതിമാർ.

ഇതെല്ലാം സ്വപ്നമായിരുന്നു എന്ന് പ്രഭാതത്തിൽ എഴുന്നേറ്റപ്പോഴാണ് മിനിക്ക് മനസ്സിലായത്.

അവൾ സ്കൂളിലേക്ക് പോകാൻ ഒരുങ്ങിയതിനു ശേഷം പൂന്തോട്ടത്തിലേക്ക് പോയി അവിടത്തെ പൂക്കളെ തലോടി അവൾ സ്കൂളിലേക്കുള്ള യാത്ര പുറപ്പെട്ടു.

...............................................

# അനുഭവക്കുറിപ്പ്

**- അഭിനവ് എസ് രാജേഷ്**

ഞാൻ എന്നും രാവിലെ  ഉണരുന്നത് പക്ഷികളുടെയും കിളികളുടെയും കളകളാരവം കേട്ടിട്ടാണ് . മുറ്റത്തേക്കിറങ്ങി നോക്കിയാൽ എത്രതരം കിളികളാണെന്നോ ചെമ്പോത്ത് ,കാക്ക, അടയ്ക്കാകുരുവി ,മരംകൊത്തി , ഇരട്ടവാലൻ കുരുവി , മൈന അങ്ങനെ പേരറിയാത്ത ഒരുപാടുകിളികൾ മാവിൻറ്റെ കൊമ്പിലിരുന്നു കുയിൽ  പാട്ടുപാടുമ്പോൾ ഞാനും കൂടെ പാടും

കൂ..................................കൂ.............................................................കുറച്ചുനേരം കുയില് പാടുമ്പോൾ ഞാനും  അതേറ്റുപാടുമ്പോൾ കുയിലിനു ദേഷ്യം വരും പിന്നീട് എന്നെ പരീക്ഷിക്കാനെന്നമട്ടിൽ  പതിയെ ഒച്ച താഴ്ത്തി കൂ...................... എന്നു പാടും പിന്നെ ഞാനും പാടാൻ തുടങ്ങിയാൽ വീണ്ടു കുയിൽ പാടാതിരിക്കുകയും

കുറെ സമയത്തിന് ആ രീതി തന്നെ തുടരും പിന്നീട്ട കുയിൽ പറന്ന് പോവുകയും

വേറെ ഏതോ മരത്തിലിരുന്നു ഒരശരീരിപോലെ കുയിലിൻറ്റെ പാട്ടു കേൾകാം എന്നും രാവിലെ വീടിനോട്ടു ചേർന്നൊരു കുടംപുളി മരത്തിനു താഴെ രണ്ടു കിളികൾ വന്നു തത്തി കളിക്കും അത് മാത്ര മല്ലട്ടോ അടയ്ക്കാകുറവി വട്ടം ഇട്ടുപറക്കും പേരമരത്തിലിരുന്നു തത്തക്കിളിയുടെ പരിഭവം കേൾകാം ഇടയ്ക്കപ്പോഴെങ്കിലും ഞാനും ഇവിടുണ്ടേ എന്ന ഭാവത്തിൽ മയിലും ചിറകു വിടർത്തി വരും ഞാനും അനിയത്തിയും മയിലിൻറ്റെ അടുത്തേക് പോയാൽ മതിലിൻറ്റെ മുകളിലും , ടെറസ്സിൻറെ മുകളിയും ഒളിഞ്ഞിരിക്കും. മാവിൽ മാമ്പഴക്കാലമാവുമ്പോൾ ബഹു രസ മാമ്പഴം തിന്നാൻ അണ്ണാനും കുരുവികളും തമ്മിലുള്ള വഴക്ക് അതുകണ്ടിരിക്കാൻ നല്ല രസാട്ടോ! ഇതൊന്നും പക്ഷി സങ്കേതത്തിലൊന്നുമല്ലട്ടോ എൻറെ വീട്ടിലാ.....

..................................

# A TO Z OF SUCCESS

**-SAFA PARVIN.S**

**Attend carefully to detail.**

**Balance your judgement.**

**Consider well,and then decide properly.**

**Dare to write and fear to wrong.**

**Ensure the success of an undertaking.**

**Fight life's battle bravely.**

**Go in the company of wise.**

**Hold intergrity sacred.**

**Inspire others by your action .**

**Judge not ,so that you may not be judged.**

**Kindle flame of hope in the lives of abandoned .**

**Lie not:come out of false hood .**

**Mar not the reputation of others.**

**Never try to be what you are not.**

**_O_bserve good manners .**

**_P_resure for the bert .**

**_Q_uestion not the veracity ot friends .**

**_R_espect the council of our parents.**

**_S_acrifice money rather than your principal.**

**_T_ouch not ,take not , hand not, the forbidden fruit.**

**_U_tilize leisure for improvement.**

**_V_enture not up threshold of wrong.**

**_W_atch carefully over your desires.**

**_X_enial relationship with every one.**

**_Y_ield not to the temp tation .**

**_Z_ealous labour for justice.**

...................

# HAIKU POEMS

-MINHA P N

- *Yesterday it worked*
  *today it is not working*
  *window is like that*

- *Having been erased*
  *the document you are seeking*
  *must now be retyped*

- *Three things are certain*
  *Death,Taxes and Lost data*
  *Guess which has occurred*

● *Serious error*

*All short cuts have disappeared*

*Screen,Mind: both are blank*

● *A crash reduces*

*Your expensive computer*

*to a simple stone*

● *Program aborting:*

*close all that you've worked on*

*you ask for too much*

● *First snow,then silence*

*this thousand dollar screen dies*

*so beautifully*

● *With searching comes lose*
*and the presence of absence:*
*My novel not found*

● *Stay the patient course*
*of little worth is your live*
*The network is down*

.........................................

## PHILOSOPHICAL THOUGHTS OF ALBERT EINSTEIN

**-SAFA PARVEEN.S**

- *"Imagination is more important than knowledge . Knowledge is limited . Imagination encircles the world ."*
- "*A person starts to live when he can live outside himself ."*
- *"The most precious things in life are not those you get for money."*
- *"Everybody is a genious .but if you judge a fish by its ability to climb a tree , it will leave its whole life believing that it is stupid."*
- *"Education is not the learning of the facts , but the training of the mind to think ."*
- *"If you want to live a happy life , tie it to a goal, not to people or objects ."*

# ...................നന്ദി